

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അതിയന്നൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.സ്.എ.റ്റി.വി.എം./
ജി.പി.3/2366/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 14/01/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.സ്.എ.റ്റി.വി.എം./ തീയ്യതി: 14/01/2026
ജി.പി.3/2366/2025

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ്കുമാർ ആർ.	ഡെപ്യൂട്ടി ഡയറക്ടർ	20-12-2025	27-12-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-12-2025	27-12-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി.വി.എസ്. നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സെലിൻ ആർ., ഓഡിറ്റ് ഓഫീസർ
ശ്രീ. അഭിജിത്ത് ആർ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീത ജാസ്മിൻ ഡി.ആർ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വെർജിൻ ഷീജ റ്റി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രഞ്ജിത്ത് ആർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. വി.പി. സുനിൽകുമാർ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. റഹ്മത്തുള്ള എ.	സെക്രട്ടറി	01-04-2024	31-05-2024

ശ്രീ. മനോജ്കുമാർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2024	30-08-2024
ശ്രീ. ഹരിൻ ബോസ്	സെക്രട്ടറി	31-08-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. റഹ്മത്തുള്ള എ.	സെക്രട്ടറി	01-04-2024	31-05-2024
ശ്രീ. മനോജ് കുമാർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2024	30-08-2024
ശ്രീ. ഹരിൻ ബോസ്	സെക്രട്ടറി	31-08-2024	31-03-2025
ശ്രീമതി ലേഖ ഡി.എസ്.	അസി. സെക്രട്ടറി	01-04-2024	31-05-2024
ഒഴിവ്	അസി. സെക്രട്ടറി (Vacant)	01-06-2024	30-06-2024
ശ്രീ. ശിവൻ എസ്.	അസി. സെക്രട്ടറി	01-07-2024	31-03-2025
ശ്രീമതി രാജി എം.ആർ.	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി രഞ്ചു രവീന്ദ്രൻ	വി.ഇ.ഒ. (North Circle)	01-04-2024	31-03-2025
ശ്രീ. അജു	വി.ഇ.ഒ. (South Circle)	01-04-2024	31-03-2025
ശ്രീമതി ഉഷകുമാരി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	22-09-2024
ശ്രീമതി സ്റ്റെഫി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	23-09-2024	31-03-2025
ശ്രീമതി സുജിത	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ഡോ. സുമിൽ ബി.എസ്.	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ. ജസ്റ്റിൻബേസിൽ	മെഡിക്കൽ ഓഫീസർ, CHC	01-04-2024	23-10-2024

ഡോ. ജവഹർ ഐ.എസ്.	മെഡിക്കൽ ഓഫീസർ, CHC	24-10-2024	31-03-2025
ഡോ. ലേഖ എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ശ്രീ. കാർത്തികേയൻ റ്റി.	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2024	21-12-2024
ശ്രീ. ഫസിലുദ്ദീൻ	ഫിഷറീസ് ഇൻസ്പെക്ടർ (ചാർജ്ജ്)	22-12-2024	15-01-2025
ശ്രീമതി വിഷ്ണുപ്രിയ	ഫിഷറീസ് ഇൻസ്പെക്ടർ	16-01-2025	31-03-2025
ശ്രീമതി ഉഷ സി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	12-08-2024
ശ്രീമതി സുമ	ഡയറി ഫാം ഇൻസ്ട്രക്ടർ	13-08-2024	31-03-2025
ശ്രീ. അഭിലാഷ് പി. ശശി	അസി. എഞ്ചിനീയർ	01-04-2024	31-03-2025
ഡോ. അൻസാ ഹാൻഡേർസൺ	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2024	20-01-2025
ഡോ. ശാലിനി രാജ് ജി.ആർ.	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	21-01-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	തൻവർഷത്തെ വരവുചെലവുകണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല	1-1-2
4	വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല	1-1-3
5	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-4
6	2024-25 വർഷാന്ത്യത്തിൽ ഗ്രാമ പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല	1-1-5
7	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-6
8	വരവിനെക്കാൾ ചെലവു ബുക്കു ചെയ്തിരിക്കുന്നു	1-1-7
9	പണമാകാത്ത വിവിധ ചെക്കുകൾ Stale Cheque ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-8
10	ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ്	1-1-9
11	ഡിസിബി സ്റ്റേറ്റ്മന്റും വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല	1-1-10
12	ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-11
13	MGNREGS - വരവുചെലവുകണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-12
14	രസീതുകൾ തെറ്റായ ഹെഡുകളിൽ ഉൾപ്പെടുത്തുന്നു	1-1-13

15	ബജറ്റ് രൂപീകരണം - അപാകങ്ങൾ	1-2-1
16	ബജറ്റ്	1-2
17	സാമ്പത്തിക വിശകലനം	1-3
18	ഗ്രാന്റ് വിനിയോഗം - അപാകതകൾ	1-4-1
19	ഗ്രാന്റ് വിനിയോഗം	1-4
20	പദ്ധതി അവലോകനം	1-5
21	ക്ഷേമ പദ്ധതികൾ	1-6
22	ക്യാഷ് ബാലൻസ്	1-7
23	ആഭ്യന്തരനിയന്ത്രണം	1-8
24	തൊഴിലുറപ്പു പദ്ധതി	1-9
25	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
26	നികുതി - നികുതിയേതര വരുമാനമായ 13,35,806/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു	1-11
27	പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല	1-12
28	തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല	1-13
29	ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല	1-14
30	ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല	1-15
31	നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് അനുവദിക്കൽ കാര്യക്ഷമമല്ല	1-16
32	വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-17
33	ലൈഫ് ഭവനനിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-18
34	ടെണ്ടർ ഫീ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല	1-19
35	റോഡ് നിർമ്മാണത്തിനായി ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചില്ല	1-20

36	വിവിധ പദ്ധതികൾ - രേഖകൾ ഹാജരാക്കിയില്ല – 1,66,493/- തടസ്സപ്പെടുത്തുന്നു	1-21
37	ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല	1-22
38	പത്രസ്ഥാപനങ്ങൾക്ക് അധിക പരസ്യക്കൂലി നല്കി	1-23
39	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 23,86,720/- രൂപ തടസ്സപ്പെടുത്തുന്നു	1-24
40	ആശ്വാസ് - ഡയാലിസിസ് ചികിൽസാ ധനസഹായം - അപാകതകൾ	1-25
41	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-26
42	മോസ്കിറ്റോ ഫ്രീ ബയോഗ്യാസ് സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല, ചെലവ് തുക 33,000/- രൂപ തടസ്സപ്പെടുത്തുന്നു	1-27
43	ബാധ്യതതുകകൾ തൻവർഷവും ക്രമീകരിച്ചിട്ടില്ല	1-28
44	ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല - 64,112/- രൂപ തടസ്സപ്പെടുത്തുന്നു	1-29
45	ജലജീവൻ മിഷൻ അവലോകനം	1-30
46	ഇനോക്കുലം വാങ്ങൽ പദ്ധതി - ഇനോക്കുലം പൂർണ്ണമായും വിതരണം ചെയ്തില്ല - 10,800/- രൂപ തടസ്സപ്പെടുത്തുന്നു	1-31
47	പെയിന്റ് പ്രവൃത്തിയിലെ അപാകതകൾ	1-32
48	നവീകരണ പ്രവൃത്തികളിൽ റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചതിൽ അധിക ചെലവ്	1-33
49	ഗ്രില്ലുകൾ സ്ഥാപിച്ചതിലെ അപാകതകൾ	1-34
50	കല്ല് കെട്ട് പ്രവൃത്തികളിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല	1-35
51	റോഡ് കോൺക്രീറ്റ് - അപാകതകൾ	1-36

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4		
1	മെഡിസെപ്പ് അവലോകനം	4-1
2	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 18.07.25 ലെ 1(2) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 04-08-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ (2024-25) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (9/24.12.25) 2025-26 സാമ്പത്തികവർഷത്തെ AFS തയ്യാറാക്കുന്ന വേളയിൽ പരാമർശപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

1-1-2 തൻവർഷത്തെ വരവുചെലവുകണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്ത് ഫണ്ട്, Excess Of Income Over Expenditure എന്നിവ നിർണയിച്ച ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നം.9/ തീ.24.12.25) തുടർ വർഷങ്ങളിലെ വാർഷിക കണക്കുകളോടൊപ്പം പ്രസ്തുത ഷെഡ്യൂൾ സമർപ്പിക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-3 വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല

04-08-2025 നാണ് 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിനായി സമർപ്പിച്ചിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(5), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (9) എന്നിവ അനുശാസിക്കുന്ന സമയപരിധി പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (9/24.12.25) ട്രഷറി അക്കൗണ്ട് റീ കൺസിലിയേഷൻ നടത്തുന്ന സമയത്ത് ഒരേ പോലെ രണ്ട് ട്രഷറി അക്കൗണ്ട് ILGMS Software ൽ കാണിച്ചതിനാൽ Reconciliation നടത്താന് സാധിച്ചില്ലായെന്നും ടി വിഷയം IKM മുഖേന പരിഹരിച്ചതിനു ശേഷം മാത്രമാണ് Reconciliation പൂർത്തീകരിച്ച് AFS സമർപ്പിക്കുന്നതിന് സാധിച്ചിട്ടുള്ളൂവെന്നും Software ൽ വന്ന പിഴവ് കാരണം ആണ് കാലതാമസം വന്നതെന്നുമാണ് അറിയിച്ചിരിക്കുന്നത്.

1-1-4 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2025 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (9/24.12.25) സാമ്പത്തികവർഷത്തിനുള്ളിൽ പൂർത്തികരിക്കാനാവാത്ത ചെലവുകളിൽ സ്ഥിരജീവനക്കാരുടെ ശമ്പളം മാത്രമാണ് നിലവിൽ ബാലൻസ് ഷീറ്റിന്റെ ബി 9 ഷെഡ്യൂളിൽ രേഖപ്പെടുത്തി വരുന്നതെന്നും പരാമർശപ്രകാരമുള്ള നിർദ്ദേശം ഇനിമേലിൽ പാലിക്കുന്നതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്.

1-1-5 2024-25 വർഷാന്ത്യത്തിൽ ഗ്രാമ പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/27.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-6 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Building	31.03.2025
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (9/24.12.25) ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്.

1-1-7 വരവിനെക്കാൾ ചെലവു ബുക്കു ചെയ്തിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനെക്കാൾ (₹21,77,23,509/-) കൂടുതൽ ചെലവ് (₹22,20,97,284/-) ബുക്ക് ചെയ്തിരിക്കുന്നു. കൂടാതെ Gross Surplus/Deficit Of Income Over Expenditure Before Prior Period Items എന്നത് (-43,31,446/-) രൂപയാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം. 24/27.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-8 പണമാകാത്ത വിവിധ ചെക്കുകൾ Stale Cheque ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

CANARA BANK Kamukincode (1566101079403) അക്കൗണ്ടിന്റെ 31.03.25 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bank പ്രകാരം താഴെപ്പറയുന്ന തുകകൾ ഉൾപ്പെട്ടിട്ടുണ്ട്.

Voucher No	Voucher Date	Instrument No	Instrument Date	Amount
22101105	22-03-2022	343545	16-03-2022	550
22200142	28-06-2022	13319	26-05-2022	1,000
22201133	31-03-2023	675951	31-03-2023	4,274
22300079	05-05-2023	679128	05-05-2023	1,600
22300232	05-07-2023	333769	05-07-2023	3,870

22300813	31-01-2024	437209	31-01-2024	1,926
22100821	10-02-2022	343504	09-02-2022	578
22101106	22-03-2022	343545	16-03-2022	850
22300080	05-05-2023	679129	05-05-2023	319

സ്ഥാപനം ഇഷ്യൂ ചെയ്ത് മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (9/24.12.25) അപാകത പരിശോധിച്ച് മറുപടി സമർപ്പിക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-9 ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ്

ബാങ്ക് ബുക്കിൽ വിവിധ കാലയളവിൽ ക്രെഡിറ്റ് ബാലൻസ് (നീക്കിയിരിപ്പ് നെഗറ്റീവ്) രേഖപ്പെടുത്തിയിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ബാങ്ക് അക്കൗണ്ട്	കാലയളവ്
SBI Life (38061002835)	23.09.24 To 28.03.25
IDBI Swatch Bharath (0889104000115803)	23.11.24 To 29.03.25
CANARA BANK NREGS6210 -WORK (110064986210)	06.08.24 To 14.03.25

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/24.12.25) അപാകത പരിശോധിച്ച് മറുപടി സമർപ്പിക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. വരവ് തുകകൾ യഥാസമയം രസീത് ചെയ്ത് പ്രതിമാസ റീകൺസിലിയേഷൻ നടത്തി ഭാവിയിൽ അപാകം ഒഴിവാക്കേണ്ടതാണ്.

1-1-10 ഡിസിബി സ്റ്റേറ്റ്മന്റും വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെട്ടുന്നില്ല

Property Tax On Residential Building, Non Residential എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ

ഇനം	കളക്ഷൻ (രൂ)	ബാലൻസ് (രൂ) (ലൈബ്രറി സെസ് ഉൾപ്പെടെ)

	വാർഷിക ധനകാര്യ പത്രിക	സഞ്ചയ	വാർഷിക ധനകാര്യ പത്രിക	സഞ്ചയ
Property Tax On Residential Building-Current	23,83,013	23,89,864	2,54,879	2,65,676
Property Tax On Non Residential Building-Current	21,26,959	21,12,389	1,67,137	1,81,158

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.9/24.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-11 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(ഇ) പ്രകാരം ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം. 9/24.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-12 MGNREGS - വരവുചെലവുകണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം

ഇനം	മുന്നിരിപ്പ് (രൂ)	വരവ് (രൂ)	ആകെ (രൂ)	ചെലവ് (രൂ)	നീക്കിയിരിപ്പ് (രൂ)
ഭരണച്ചെലവുകൾ	0	28,25,686	28,25,686	26,95,961	83,184
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,84,62,159	5,84,62,159	5,84,62,159	0

ക്യാഷ്ബുക്ക് പ്രകാരം

ഇനം	മുന്നിരിപ്പ് (രൂ)	വരവ് (രൂ)	ആകെ (രൂ)	ചെലവ് (രൂ)	നീക്കിയിരിപ്പ് (രൂ)
ഭരണച്ചെലവുകൾ	0	21,07,883	21,07,883	20,24,699	83,184

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,84,85,000	5,84,85,000	5,84,85,000	0

A) വാർഷിക ധനകാര്യപത്രിക പ്രകാരം വരവുചെലവു നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

B) MGNREGS ന്റെ വരവുചെലവുകണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

C) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷിക ധനകാര്യപത്രിക പ്രകാരം 5,84,62,159/- രൂപയാണ്. എന്നാൽ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആയത് 5,84,85,000/- രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.24/തീ.27.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-13 രസീതുകൾ തെറ്റായ ഹെഡുകളിൽ ഉൾപ്പെടുത്തുന്നു

ഇൻകം & എക്സ്പെൻഡീച്ചർ I-4 Fees & User Charges എന്ന ഷെഡ്യൂളിൽ 140200199 - Penalties And Fines - Other Penalties

ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ചില വരവുകൾ തെറ്റായി പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	രസീത് നം./ തീയതി	തുക	ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് ഹെഡ്/ഇനം
1	1240100945/ 18-06-2024	13,165	**180400103- Recovery From Employees - Audit Recovery Based On Audit Report/Audit Enquiry**
2	1240100946/ 18-06-2024	7,190	**180400103- Recovery From Employees - Audit Recovery Based On Audit Report/Audit Enquiry**

ആയത് പിന്നീട് ജേണൽ ചെയ്ത് മാറ്റിയിട്ടുമില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/തീ.27.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-2-1 ബജറ്റ് രൂപീകരണം - അപാകങ്ങൾ

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുവൽ ഖണ്ഡിക 3.1(Ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം 2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

ബജറ്റ് കുറിപ്പുകൾ (Annexure 6), പെർഫോമൻസ് ബജറ്റ് (Annexure 10) എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. മേൽ നടപടി ക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/തീ.22.12.25) ബജറ്റ് കുറിപ്പുകൾ (Annexure 6), പെർഫോമൻസ് ബജറ്റ് (Annexure 10) എന്നിവ വരും വർഷങ്ങളിൽ സൂക്ഷിക്കുന്നതാണെന്നും ഏപ്രിൽ മാസത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക അവലോകനം കൃത്യമായി ചേരുന്നതാണെന്നും

മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 ബജറ്റ്

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
പാസ്സാക്കിയ തീയതി	09.02.24	15.03.25
തീരുമാനം	1/1	3/1
മുന്നിരിപ്പ്	₹2,34,82,630/-	₹2,65,01,172/-
വരവ്	₹32,31,89,600/-	₹43,83,92,597/-
ആകെ	₹34,66,72,230/-	₹46,48,93,769/-
ചെലവ്	₹34,04,01,912/-	₹44,51,52,119/-
നീക്കിയിരിപ്പ്	₹62,70,318/-	₹1,97,41,650/-

1-3 സാമ്പത്തിക വിശകലനം

(രസീത് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹2,14,36,568/-
ഓഡിറ്റ് വർഷത്തെ വരവ്	₹6,95,26,926/-
ആകെ	₹9,09,63,494/-
ഓഡിറ്റ് വർഷത്തെ ചെലവ്	₹6,29,33,379/-
നീക്കിയിരിപ്പ്	₹2,80,30,115/-

1-4-1 ഗ്രാന്റ് വിനിയോഗം - അപാകതകൾ

1) A) ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (രൂ)	ചെലവ് (രൂ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	74,32,432	48,22,067	64.88
സേവനം	പൊതുവിഭാഗം	10,99,20,015	3,60,67,626	32.81
	പട്ടിക ജാതി	2,86,62,698	1,13,65,034	39.65

പഞ്ചാത്തലം	പൊതുവിഭാഗം	2,79,50,222	2,16,87,477	77.59

-സേവന മേഖലയിൽ പൊതുവിഭാഗം, പട്ടിക ജാതി വിഭാഗങ്ങൾക്കും വകയിരുത്തിയ തുക ഭാഗികമായി പോലും ചെലവഴിച്ചിട്ടില്ല.

B) സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. എന്നാൽ വിവിധ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക (രൂ)	ചെലവഴിച്ച തുക (രൂ)	ചെലവ് ശതമാനം(%)
വനിത ഘടക പദ്ധതി	36,25,018	19,97,701	55.11
കുട്ടികൾ	12,44,800	7,34,804	59.03
ദുരന്തമാനേജ്മെന്റ് പദ്ധതി	25,000	0	0

5) പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2020-21 സാമ്പത്തിക വർഷം അനുവദിച്ചതിൽ ചെലവഴിക്കാതെ അവശേഷിച്ച ടൈഡ്, ബേസിക് ഗ്രാന്റിനത്തിലെ തുകകൾ 2021-22, 2022-23 വർഷങ്ങളിൽ റീഅലൊക്കേറ്റ് ചെയ്തതിലും ചെലവഴിക്കാതെ അവശേഷിച്ചതിനെ തുടർന്ന് 2024-25 സാമ്പത്തിക വർഷം പൂർണ്ണമായും ചെലവഴിക്കേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി വിവിധ ഉത്തരവുകൾ പ്രകാരം അലോട്ട് ചെയ്തിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഉത്തരവ് നം	ഫണ്ട്	അലോട്ട് ചെയ്ത തുക (രൂ)
4802/2024/ധന തീയതി 18/06/2024	സി.എഫ്.സി ടൈഡ്	6,51,195
4802/2024/ധന തീയതി 18/06/2024	സി.എഫ്.സി ബേസിക്	782
2075/2025/ധന തീയതി 04.03.2025	സി.എഫ്.സി ടൈഡ്	6,51,194
2075/2025/ധന തീയതി 04.03.2025	സി.എഫ്.സി ബേസിക്	782

മേൽ തുകകൾ സ്പിൽ ഓവർ വർക്കുകൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത തുകകൾ ഏതൊക്കെ പ്രോജക്ടുകൾക്കായാണ് വിനിയോഗിച്ചതെന്നും, തുകകളുടെ വിനിയോഗ വിവരവും, തുക പൂർണ്ണമായും ചെലവഴിക്കപ്പെട്ടോ എന്നത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

6) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2024-25 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2024-25 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക **(രൂ)**
320100162	Sarva Siksha Abhiyan	62,000
320100197	Literacy Scheme Grant	29,780
320100198	Grant From Suchitwa Mission	5,02,695

മേൽ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത്തതിന്റെ കാരണവും, ഏത് അക്കൗണ്ടിലാണ് നിലനിർത്തിയിട്ടുള്ളതെന്നത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

7) സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2024-25 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം	**ഹെഡ് കോഡ്**	**തദ്ദേശ സ്ഥാപനം**	**തുക (രൂ)**
1	320700102	Contributions For Joint Venture Projects (For Capital Expenditure) -From Municipal Corporations	7,70,602
2	320700105	Contributions For Joint Venture Projects (For Capital Expenditure) - From District Panchayats	50,903
3	320700202	Contributions For Joint Venture Projects (For Revenue Expenditure) - From Municipal Corporations	41,888
4	320700204	Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats	3,55,955
5	320700205	Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats	2,73,375

2024-25 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരവും മേൽ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

പ്രസ്തുത തുകകൾ ഏത് ആവശ്യത്തിന് ലഭ്യമായതാണെന്ന് അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/24.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (രൂ)	വരവ് (രൂ)	ചെലവ് (രൂ)	നീക്കിയിരിപ്പ് (രൂ)
വികസനഫണ്ട് (ജനറൽ)	0	1,40,36,625	1,64,69,640	-24,33,015
വികസനഫണ്ട് (എസ് സി പി)	0	67,57,609	78,26,000	-10,68,391
മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്)	0	77,91,000	73,30,434	4,60,566
മെയിന്റൻസ് ഗ്രാന്റ് (റോഡ്)	0	1,50,73,000	1,50,73,000	0
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	0	76,22,889	36,15,026	40,07,863
ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied)	0	28,04,862	21,74,632	6,30,230
സംസ്ഥാ നാവിഷ്കൃത ഫണ്ട്	0	0	55,00,000	-55,00,000
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	23,12,034	-23,12,034

1) ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ വികസനഫണ്ട് (ജനറൽ) ൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നുണ്ട്.

2) വാർഷിക ധനകാര്യ പത്രികയിൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ (സി.എസ്.എസ്), മുന്നിരിപ്പ്, വരവ് തുകകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (സി.എഫ്.സി Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെപദ്ധതി അടങ്കൽ (രൂ)	ആകെ പദ്ധതി	ചെലവ് ശതമാനം

	പദ്ധതികൾ			(മറ്റുള്ളവ ഒഴികെ)	ചെലവ് (രൂ)	
കൃഷി ഓഫീസർ	11	11	0	13,38,920	13,09,412	97.79
വെറ്ററിനറി സർജൻ	9	8	1	8,16,600	6,98,797	85.57
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി / സി.എച്ച്.സി	20	18	2	37,15,830	26,92,071	72.44
മെഡിക്കൽ ഓഫീസർ-ഹോമിയോ	3	3	0	3,43,000	3,43,000	100
മെഡിക്കൽ ഓഫീസർ-ആയുർവേദം	6	6	0	10,50,000	10,34,900	98.56
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	27	26	1	7,94,61,478	1,86,02,905	23.41
ഐ.സി.ഡി.എസ്.സൂപ്പർവൈസർ	24	20	4	95,12,615	74,51,861	78.33
സെക്രട്ടറി	44	34	10	1,24,38,590	96,64,760	77.69
ഹെഡ്മാസ്റ്റർ	7	7	0	20,85,467	20,37,417	97.69
അസിസ്റ്റന്റ് എഞ്ചിനീയർ	131	98	33	5,93,47,966	2,56,90,800	43.28
ഡയറി ഫാം ഇൻസ്പെക്ടർ	2	2	0	29,01,912	24,24,159	83.57
അസിസ്റ്റന്റ് സെക്രട്ടറി	10	8	2	44,54,395	22,23,020	49.90

സി)

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (രൂ) (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ് (രൂ) (മറ്റുള്ളവ ഒഴിവാക്കി)	ചെലവ് ശതമാനം
294	241	53	17,74,66,773	7,41,74,102	41.79

1-6 ക്ഷേമ പദ്ധതികൾ

ക്രമ നം.	ക്ഷേമ പദ്ധതികളുടെ പേര്	ചെലവഴിച്ച തുക (രൂ.)	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	66,04,000	385

2	വിധവ പെൻഷൻ	1,58,03,700	1033
3	വാർദ്ധക്യകാല പെൻഷൻ	4,14,63,300	2959
4	വികലാംഗ പെൻഷൻ	55,40,400	355
5	50 വയസ്സിന്മേൽ പ്രായമുള്ള അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	7,82,200	51
6	വിവാഹ ധന സഹായം	1,50,000	5

1-7 ക്യാഷ് ബാലൻസ്

അതിയന്നൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് ഭൗതികപരിശോധന 27.12.25 തീയതി 2.30pm ന് ഉത്തരവാദപ്പെട്ട ജീവനക്കാരന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 418/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ജോലി വിഭജന രേഖ

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സ്റ്റാഫ് മീറ്റിംഗ്

സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുന്നില്ല.ഓഫീസ് മീറ്റിംഗ് മിനിട്ട്സ് പരിശോധിച്ചതിൽ 25.08.25-ൽ ആണ് അവസാനമായി ഓഫീസ് മീറ്റിംഗ് കൂടിയിട്ടുള്ളത്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗ് കൂടേണ്ടതും ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറി ശ്രദ്ധിക്കേണ്ടതുമാണ്.

ജീവനക്കാര്യം

ഇൻക്രുമ്പൻസി മാസ്റ്റർ രജിസ്റ്റർ, സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ, കാഷ്യൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മുതലായവ കൃത്യമായി സൂക്ഷിക്കുന്നുണ്ടെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ അഡ്വാൻസ് രജിസ്റ്റർ എന്നി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

സർക്കാരിലേക്ക് ഒടുക്കേണ്ട അംശദാനങ്ങൾ

ഇൻകംടാക്സ്, ജി.എസ്.ടി, തൊഴിലാളി ക്ഷേമ നിധി പെൻഷൻ, മുതലായവ കൃത്യമായി ഒടുക്കുവരുത്തുന്നു.

ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ തൻ വർഷം രണ്ട് ഗ്രാമസഭകളാണ് കൂടിയിട്ടുള്ളത്. പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരം ഗ്രാമസഭകൾ നിശ്ചിത ഇടവേളകളിൽ വിളിച്ച് ചേർക്കേണ്ടതാണ്.

1-9 തൊഴിലുറപ്പു പദ്ധതി

വാർഷിക ധനകാര്യപത്രിക പ്രകാരം

ഇനം	മുന്നിരിപ്പ് (രൂ)	വരവ് (രൂ)	ആകെ (രൂ)	ചെലവ് (രൂ)	നീക്കിയിരിപ്പ് (രൂ)
ഭരണച്ചെലവുകൾ	0	28,25,686	28,25,686	26,95,961	83,184*
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,84,62,159	5,84,62,159	5,84,62,159	0

ക്യാഷ്ബുക്ക് പ്രകാരം

ഇനം	മുന്നിരിപ്പ് (രൂ)	വരവ് (രൂ)	ആകെ (രൂ)	ചെലവ് (രൂ)	നീക്കിയിരിപ്പ് (രൂ)
ഭരണച്ചെലവുകൾ	0	21,07,883	21,07,883	20,24,699	83,184
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,84,85,000	5,84,85,000	5,84,85,000	0

*A) വാർഷിക ധനകാര്യപത്രിക പ്രകാരം വരവുചെലവു നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

B) MGNREGS ന്റെ വരവുചെലവുകണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

C) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷിക ധനകാര്യപത്രിക പ്രകാരം 5,84,62,159/- രൂപയാണ്. എന്നാൽ ഹാജരാക്കിയ സ്റ്റേറ്റ്മന്റ് പ്രകാരം ആയത് 5,84,85,000/- രൂപയാണ് അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

അക്കൗണ്ടന്റ് ജനറൽ	10.05.2016 – 26.05.2016	2011-2012 മുതൽ 2015-2016 വരെ	14.07.2016

1-11 നികുതി - നികുതിയേതര വരുമാനമായ 13,35,806/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം 13,35,806/- രൂപ നികുതി നികുതിയേതര വരുമാനമായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ്	തുക (രൂ.)
431100101Receivables For Property Tax On Residential Buildings(Current)	2,54,879
431100102Receivables For Property Tax On Residential Buildings (Arrears)	3,49,908
431100103Receivables For Property Tax On Non-Residential Buildings (Current)	1,67,137
431100104Receivables For Property Tax On Non-Residential Buildings (Arrears)	1,77,467
431400101Rent Receivables From Buildings(Current)	27,583
431400102Rent Receivables From Buildings(Arrears)	88,042
431400106Receivables Towards Market Receipts(Arrears)	2,70,790
	13,35,806

2025 മാർച്ച് 31 പ്രകാരം ബാലൻസ്ഷീറ്റിൽ കുടിശ്ശികയായി അവശേഷിക്കുന്ന 13,35,806/- രൂപയിൽ തനത് സാമ്പത്തിക വർഷം തുക പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി (നം.5/തീ.20-12-2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ.ഉ.(കൈ)നം.117/2022/LSGD, തീ.01-06-2022 പ്രകാരം കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയുമാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ പരിപാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ തയ്യാറാക്കിയ അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻകുയറി നം. 5/ തീ.20-12-2025). കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 ലെ വകുപ്പ് 243 പ്രകാരം കുടിശ്ശികയായി തീരേണ്ട തീയതി മുതൽ 3 വർഷത്തിനുള്ളിൽ ഈടാക്കൽ നടപടികൾ സ്വീകരിക്കാത്ത കുടിശ്ശികകൾ കാലഹരണപ്പെടുന്നതാണെന്നതിനാൽ ഇത് സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നതിലേക്കായി അരിയർ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഏതൊക്കെ സാമ്പത്തിക വർഷത്തെ തുകകളാണെന്ന വിവരം വർഷം തിരിച്ച് പട്ടികയായി ലഭ്യമാക്കാൻ ഓഡിറ്റ് എൻകുയറി നം. 5/20-12-2025 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഇനത്തിൽ അവശേഷിക്കുന്ന മുഴുവൻ തുകയും അടിയന്തിരമായി

പിരിച്ചെടുത്ത് തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12 പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം. 5/ 20-12-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായുണ്ട്. ഇതോടൊപ്പം ഗ്രാമ പഞ്ചായത്തിന് മുൻപ് വരുമാനം ലഭിച്ചിരുന്നതും നിലവിൽ പ്രവർത്തിക്കാത്തതുമായ ആസ്തികളുണ്ടെങ്കിൽ, ആയവ (കംഫർട്ട് സ്റ്റേഷനുകൾ, ഓഡിറ്റോറിയങ്ങൾ/കല്ല്യാണ മണ്ഡപങ്ങൾ/കമ്മ്യൂണിറ്റി ഹാളുകൾ, ക്രിമറ്റോറിയങ്ങൾ, ജിംനേഷ്യങ്ങൾ, ആമ്പുലൻസുകൾ, കാർഷിക യന്ത്രോപകരണങ്ങൾ മുതലായവ) പ്രവർത്തനക്ഷമമാക്കി വരുമാന വർദ്ധനവ് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-13 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അഭിഭാഷകർ സ്വകാര്യ ഡോക്ടർമാർ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സുപ്പർവൈസർമാർ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണമായ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിയ്ക്കുകയോ ഇത്തരം ആൾക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി (നം.14/

തീ.24-12-2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് അടിയന്തിരമായി തയ്യാറാക്കുകയും നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഈടാക്കി നികുതി ചോർച്ച ഒഴിവാക്കേണ്ടതുമാണ്

2) തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2024-25 വർഷത്തെ തൊഴിൽ നികുതി പൂർണ്ണമായും അടവാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	രജിസ്റ്ററിലെ പേജ് നം.	ആദ്യ പാദ നികുതി	രണ്ടാം പാദ നികുതി
1	വൈഷ്ണവി ഫിനാൻസ്	20	ഒടുക്കിയിട്ടില്ല	450
2	പോസ്റ്റ് ഓഫീസ് കൊടങ്ങാവിള	92	ഒടുക്കിയിട്ടില്ല.	6,500
3	സ്പ്രിംഗ് കിൻഡർ ഗാർഡൻ നെല്ലിമൂട്	96	ഒടുക്കിയിട്ടില്ല.	640
4	അവിനാഷ് ഹോസ്പിറ്റൽ	98	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല.
5	ഇലക്ട്രിക്കൽ സെക്ഷൻ കമുകിൻകോട്	100	ഒടുക്കിയിട്ടില്ല	1,250

നിയമ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാത്തിന്റെ കാരണം അറിയിക്കാനും നികുതി ഈടാക്കിയിട്ടുള്ള പക്ഷം ആയത് തൊഴിൽ നികുതി രജിസ്റ്ററിൽ ചേർക്കാത്തതിന്റെ കാരണം അറിയിക്കാനും നൽകിയ ഓഡിറ്റ് എൻകയറി (നം.14/തീ.24-12-2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നു കാണുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	രജിസ്റ്ററിലെ പേജ് നം.	ആദ്യ പാദ നികുതി	രണ്ടാം പാദ നികുതി
1	വൈഷ്ണവി ഫിനാൻസ്	20	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല

2	കെ.വി. ഹോസ്പിറ്റൽ, അവണാകുഴി	78	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല
3	ദ ഗ്രാന്റ് റസിഡൻസി	79	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല
4	കെ.എസ്.എഫ്.ഇ നെല്ലിമൂട്	80	ഒടുക്കിയിട്ടില്ല	1250
5	എസ്.ബി.ഐ കോട്ടുകാൽ	81	ഒടുക്കിയിട്ടില്ല	1250
6	എസ്.ബി.ഐ നെല്ലിമൂട്	82	ഒടുക്കിയിട്ടില്ല	1250
7	കനറാ ബാങ്ക് കമുകിൻകോട്	83	ഒടുക്കിയിട്ടില്ല	1250
8	കേരള ഗ്രാമീൺബാങ്ക് നെല്ലിമൂട്	84	ഒടുക്കിയിട്ടില്ല	1250
9	വെൺപകൽ സർവ്വീസ് സഹകരണ ബാങ്ക്	85	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല
10	മുത്തൂറ്റ് മൈക്രോഫിൻ	87	ഒടുക്കിയിട്ടില്ല	1250
11	മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് നെല്ലിമൂട്	88	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല
12	മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് നെല്ലിമൂട്	89	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല

13	സ്പ്രിംഗ് കിൻഡർ ഗാർഡൻ നെല്ലിമൂട്	96	ഒടുക്കിയിട്ടില്ല.	1250
14	നെല്ലിമൂട് വനിത കോ- ഓപ്പറേറ്റീവ് സൊസൈറ്റി	97	ഒടുക്കിയിട്ടില്ല	1250

നിയമ പ്രകാരമുള്ള നികുതി ഈടാക്കാത്തിന്റെ കാരണം അറിയിക്കാനും നികുതി ഈടാക്കിയിട്ടുള്ള പക്ഷം ആയത് തൊഴിൽ നികുതി രജിസ്റ്ററിൽ ചേർക്കാത്തതിന്റെ കാരണം അറിയിക്കാനും നൽകിയ ഓഡിറ്റ് എൻകുയറി (നം. 14/തീ.24-12-2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന നികുതി പൂർണ്ണമായും ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

1-14 ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല

സഞ്ചയ സോഫ്റ്റ്വയർ പ്രകാരം ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുംവിധമാണ്

ക്രമ നം.	കെട്ടിടത്തിന്റെ ഉപയോഗക്രമം	കെട്ടിടങ്ങളുടെ എണ്ണം
1	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	1181
2	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	107
3	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	1
4	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	10
5	വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ	76
6	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	9

	ആകെ	1384

1384 വാണിജ്യ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്നിരിക്കെ 301 സ്ഥാപനങ്ങൾക്കാണ് 2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ (ലൈസൻസ് എടുക്കുന്നതിന് നിയമപരമായ ബാധ്യത ഇല്ലാത്ത സ്ഥാപനങ്ങൾ ഒഴികെ) പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തുന്നതിന് സ്ഥല പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻകൗയറി (നം. 13/തീ.24-12-2025) വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഫീൽഡ് തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ഓഡിറ്റിന് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം 167 ആണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ആകെ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 301 ആണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻകൗയറി (നം. 17/തീ.24-12-2025) വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അറിയിക്കേണ്ടതാണ്.

1-16 നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് അനുവദിക്കൽ കാര്യക്ഷമമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ പട്ടിക 3 പ്രകാരം നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നൽകുക ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടതാണ്. ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചിട്ടുള്ള ഡോഗ് & പിഗ് ലൈസൻസ് രജിസ്റ്റർ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻകൗയറി നം. 13/24-12-2025). വാർഷിക ധനകാര്യ പത്രിക പ്രകാരം 1350/- രൂപയാണ് 27 നായ്ക്കൾക്കുള്ള ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നത്. 27 വളർത്തുനായ്ക്കൾക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ ആകെ വളർത്തുനായ്ക്കളുടെ എണ്ണം 775 ആണ്. മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻകൗയറി നം. 17/24-12-2025 വഴി അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2024-25 വർഷം നായ്ക്കളുടെ വാക്സിനേഷനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ വളർത്തു

നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കൽ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ല. മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് നൽകുന്നതിന് വേണ്ട നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-17 വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

I) സ.ഉ(കൈ)നം. 77/2023/LSGD, തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയ ഡിമാന്റ് നോട്ടീസ്, മേൽ ഉത്തരവ് പ്രകാരമുള്ള 9(എ) ഫോറത്തിൽ 31.03.2023-നകം കെട്ടിട ഉടമകൾക്ക് നൽകേണ്ടതുമാണ്.

2. ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവര ശേഖരണം 30.06.2023-നകം പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതുമാണ്.

3. വിവരണശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്ക്കരിക്കേണ്ടതാണ്.

4. കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 18/26-12-2025 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടിയോ മറ്റ് രേഖകളോ ലഭ്യമാക്കിയിട്ടില്ല. കൃത്യമായ മറുപടിയുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടുള്ളതായി ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടിട്ടില്ല. സർക്കാർ നിർദ്ദേശിച്ച നികുതി പരിഷ്ക്കരണം കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്

II) കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി-1, ജി-2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി

പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻകുയറി നം. 18/26-12-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

1-18 ലൈഫ് ഭവനനിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി – ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ വിവരം

അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ 2023 വർഷത്തിൽ ലൈഫ് ഭവന നിർമ്മാണത്തിനായി കരാർ വച്ച (ലൈഫ് 2020 ഭവന നിർമ്മാണ പദ്ധതി) SCP വിഭാഗത്തിൽ 7 ഗുണഭോക്താക്കളും ജനറൽ വിഭാഗത്തിൽ 9 ഗുണഭോക്താക്കളും നിലവിലും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ/ വർഷം	പ്രോജക്ടിന്റെ പേര്/വിഭാഗം	ഗുണഭോക്താവിന്റെ പേര്	കരാർ തീയതി	കൈപ്പറ്റിയ തുക (രൂ)	നിലവിലെ സ്ഥിതി
233/23-24	ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി)	രാജൻ, പൂതംകോട്	04/02/23	2,00,000/-	ബെയ്സ്മെന്റ് മട്ടം
“	“	സനൽ കുമാർ, രാമപുരം	30/01/23	1,80,000/-	“
“	“	ബിന്ദു.വി കൊടങ്ങാവിള	06/01/23	40,000/-	NOT STARTED
“	“	അനിത.കെ പോങ്ങിൽ	23/02/23	40,000/-	“
“	“	ശിവരാജൻ.പി. അതിയന്നൂർ	22/02/23	2,00,000/-	ജനൽ മട്ടം

“	“	അജിത.എസ്.എസ് താന്നിമൂട്	27/03/23	1,40,000/-	ബെയ്സ്മെന്റ് മട്ടം
“	“	ലീല.ആർ അരംഗമുകൾ	08/11/24	40,000/-	NOT STARTED
44/23-24	ലൈഫ് ഭവന നിർമ്മാണം (ജനറൽ)	ഷൈജു.ബി അരങ്ങിൽ	16/09/23	40,000/-	NOT STARTED
“	“	ബേബി.സി അരങ്ങൽ	16/09/23	2,40,000/-	ROOF
“	“	ശരണ്യ.വി.കമാർ ഭാസ്കർ നഗർ	25/11/23	2,40,000/-	ROOF
“	“	ലീല.കെ കൊടങ്ങാവിള	25/11/23	1,40,000/-	ജനൽ മട്ടം
“	“	ലീല ശാസ്താംതല	15/12/23	1,40,000/-	“
“	“	ഗിരിജ കുമാരി കമുകിൻകോട്	15/02/24	2,40,000/-	“
“	“	തങ്കകുമാരൻ പോങ്ങിൽ	15/02/24	40,000/-	NOT STARTED
“	“	അശോകൻ.വി വെൺ പകൽ	04/03/24	1,40,000/-	ബെയ്സ്മെന്റ് മട്ടം
“	“	കൃഷ്ണമ്മ. ശാസ്താംതല	04/03/24	40,000/-	“

പൂർത്തിയാക്കത്തതിന്മേൽ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.23/തീ.27.12.2025) ന് ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതെന്നും എസ്.സി.പി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് കത്ത് നൽകി

പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതും അഡ്വാൻസ് തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുകയും ചെയ്യേണ്ടതാണ്.

1-19 ടെണ്ടർ ഫീ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീ സ്വീകരിക്കുന്നതിന് കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനായി സർക്കുലർ നം. ഡി.ബി.1/79/42/2010/CE/LSGD, തീയതി 17.8.2017 പ്രകാരം എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അക്കൗണ്ട് ആരംഭിച്ചെങ്കിലും ഇ-ടെണ്ടർ സംവിധാനവുമായി അക്കൗണ്ട് ലിങ്ക് ചെയ്തിട്ടില്ല. 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിലെ ടെണ്ടർ ഫീ ജില്ലാപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

വർഷം	ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അക്കൗണ്ടിൽ ടെണ്ടർ ഫീ ഇനത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക (രൂ.)
2021-22	20,160/-
2022-23	1,34,140/-
2023-24	1,40,551/-
2024-25	1,44,725/-
ആകെ	4,39,576/-

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.28/തീ.27.12.2025)നുള്ള മറുപടിയിൽ 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിലെ ടെണ്ടർ ഫീ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

1-20 റോഡ് നിർമ്മാണത്തിനായി ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചില്ല

ചീഫ് എൻജിനീയറുടെ 17.06.2023 ലെ LSGD/PD/40538/2023-DB3 സർക്കുലർ പ്രകാരം റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിർമ്മിക്കുന്ന റോഡുകളുടെ ആകെ നീളത്തിന്റെ 25 ശതമാനം എങ്കിലും ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിലേക്കായി ചീഫ് എൻജിനീയറുടെ 01.12.2023 ലെ LSGD/PD/30873/2023-DB3 സർക്കുലർ പ്രകാരം ഷ്രഡഡ് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തിയ Mix Seal Surface പ്രവൃത്തിയുടെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ

2024-25 വർഷത്തെ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 28/27.12.2025 ന് മറുപടിയി ലഭ്യമാക്കിയില്ല. മേൽ സർക്കുലർ പ്രകാരം ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 വിവിധ പദ്ധതികൾ - രേഖകൾ ഹാജരാക്കിയില്ല – 1,66,493/- തടസ്സപ്പെട്ടുത്തുന്നു

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ടിന്റെ വിവരം	റിമാർക്ക്സ്
1	തൊഴിലുറപ്പ് തൊഴിലാളികൾക്ക് സുരക്ഷ ഉപകരണങ്ങൾ അടിസ്ഥാന സൗകര്യങ്ങളും (SO0326/25) അടങ്കൽ തുക - 1,00,000/- (തനത് ഫണ്ട്) ചെലവ് തുക – 19,859/- ബിൽ നമ്പർ -566/20.03.25	തൊഴിലുറപ്പ് തൊഴിലാളികൾക്ക് സുരക്ഷ ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ് പദ്ധതി. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, First Aid Kitലേയ്ക്കുള്ള സാധനങ്ങളാണ് പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ളത്. പദ്ധതി പ്രകാരം വാങ്ങി നല്കിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, വിതരണരേഖ, കൈപറ്റ് രേഖ എന്നിവ ലഭ്യമല്ല.
2	സോളാർ ലൈറ്റ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ (SO0014/25) അടങ്കൽ തുക - 50,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ചെലവ് തുക - 49,920/- ബിൽ നം.655/27.03.25	പ്രസ്തുത പദ്ധതി ഫയൽ പരിശോധിച്ചതിൽ പദ്ധതി പ്രകാരം വാങ്ങിയ ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ വിവരങ്ങൾ, സ്റ്റോക്കിലെടുത്തിന്റെ വിവരങ്ങൾ ലഭ്യമല്ല.

3	എം.സി.എഫ്-ൽ ഫയർ എക്സ്റ്റിൻഗ്യുഷർ സ്ഥാപിക്കൽ (SO0206/25) അടങ്കൽ തുക – 20,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) ചെലവ് തുക - 19,824/- PFMS Transaction ID (122428088616 Dtd.22.12.24)	പ്രസ്തുത പദ്ധതി ഫയൽ പരിശോധിച്ചതിൽ പദ്ധതി പ്രകാരം വാങ്ങിയ ഫയർ എക്സ്റ്റിൻഗ്യുഷർ ഇൻസ്റ്റാൾ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.
4	തൊഴിലുറപ്പ് ഓഫീസിന് ഫർണിച്ചർ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (SO0321/25) അടങ്കൽ തുക – 1,25,000/- (തനത് ഫണ്ട്) ചെലവ് തുക – 76,890/- ബിൽ നം.621/25.03.25	പദ്ധതി പ്രകാരം 76,890/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ പദ്ധതികളുടെ (ക്രമ നമ്പർ 1,2,3) രേഖകൾ ആവശ്യപ്പെട്ട് നല്കിയ എൻകയറി നമ്പർ 21/25 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റിന് രേഖകൾ ഹാജരാക്കിയില്ല. ക്രമനമ്പർ 4 ലെ പദ്ധതി പ്രകാരമുള്ള ചെലവ് രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ എൻകയറി 27/25ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുകയായ 1,66,493/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ, മോണിറ്റിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-22 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

പേമാരി, വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ, മാറാരോഗം മുതലായ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന നിർധനരായവർക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്നതിനായി രൂപീകരിക്കേണ്ട നിധിയാണ് ദുരിതാശ്വാസ നിധി (2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ). എന്നാൽ അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ

ദുരിതാശ്വാസ നിധി രൂപീകരിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/26.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 പത്രസ്ഥാപനങ്ങൾക്ക് അധിക പരസ്യക്കൂലി നല്കി

2024-25 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് പത്രസ്ഥാപനങ്ങൾക്ക് നൽകിയ പരസ്യക്കൂലി സർക്കാർ അംഗീകൃതനിരക്കിനെക്കാൾ അധികമാണെന്ന് കാണുകയുണ്ടായി.

1) പ്രോജക്ടിന്റെ പേര് – പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും (SO002/25)

അടങ്കൽ തുക – 3,00,000/- (1,37,278/- വികസന ഫണ്ട് ജനറൽ + 1,62,722/- തനത് ഫണ്ട്)

ചെലവ് തുക – 1,12,772/- {63,542/- വികസന ഫണ്ട് ജനറൽ (Bill No. 115/20.9.25 Amt-8971/-, Bill No. 474/7.3.25 Amt-41,866/-, Bill No. 538/17.3.25 Amt-8,820/-, Bill No. 580/21.3.25 Amt-3,885/-) + 49,230/- തനത് ഫണ്ട് (Bill No. 369/12.2.25 Amt-27,230/-, Bill No. 380/18.2.25 Amt-22,000/-)}

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും എന്ന പദ്ധതി പ്രകാരം 1,12,772/- ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിൽ പത്രസ്ഥാപനങ്ങൾക്ക് നൽകിയ പരസ്യക്കൂലി സർക്കാർ അംഗീകൃത നിരക്കിനെക്കാൾ അധികമാണ്. സർക്കാർ ഉത്തരവ് (അച്ചടി)നം.5/2021/ഐ&പി.ആർ.ഡി തീയതി 11.10.2021 പ്രകാരം സർക്കാർ പരസ്യങ്ങൾ അച്ചടിമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നൽകേണ്ട പരസ്യനിരക്കുകൾ പ്രകാരമല്ല ചെലവ് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പത്രം	പരസ്യം നല്കിയ തീയതി	അളവ്	സർക്കാർ ഉത്തരവ് പ്രകാരം നല്കേണ്ട തുക (തിരുവനന്തപുരം എഡിഷൻ)	നല്കിയ തുക (രൂ)
കേരള കൗമുദി	23.6.24	24sq Cms	3792 (158 Per Sq.Cm)	8,971
	2.10.24	32sq Cms	5056 (158 Per Sq.Cm)	11,962
	11.1.25	24sq Cms	3792 (158 Per Sq.Cm)	8,971
	23.11.24	32sq Cms	5056 (158 Per Sq.Cm)	11,962
	24.1.25	24sq Cms	3792 (158 Per Sq.Cm)	8,971

മേൽ ഉത്തരവ് പ്രകാരം പി.ആർ.ഡി നിരക്കിനെക്കാൾ പരമാവധി 50% വർദ്ധനവ് മാത്രമേ പത്രപ്പരസ്യങ്ങൾക്ക് അനുവദിക്കാൻ പാടുള്ളു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ആരാഞ്ഞ് നല്കിയ എൻകൃയറി നമ്പർ 25 ന്റെ മറുപടി ലഭ്യമാക്കിയില്ല.മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

2) തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ പത്രപ്പരസ്യം

അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2023-2024 സാമ്പത്തിക വർഷത്തിൽ വാർഡു തലത്തിൽ, റോഡ് കോൺക്രീറ്റ് E- ടെൻഡർ, റോഡ് കോൺക്രീറ്റ് RE-E- ടെൻഡർ, സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് E- ടെൻഡർ പരസ്യം ചെയ്ത വകയിൽ കേരളകൗമുദി പത്രത്തിന് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചെക്ക് നം./ തീയതി	പത്രം	പരസ്യം നൽകിയ തീയതി	അളവ്	സർക്കാർ ഉത്തരവ് പ്രകാരം നൽകേണ്ട തുക (തിരുവനന്തപുരം എഡിഷൻ)	നൽകിയ തുക
55938/ 13.05.24	കേരളകൗമുദി	02.02.24	24 ചതുരശ്ര സെന്റീമീറ്റർ	ചതുരശ്ര സെന്റീമീറ്ററിന് 158/- നിരക്കിൽ ആകെ 3,792/- രൂപ	ചതുരശ്ര സെന്റീമീറ്റർ 356/- രൂപ നിരക്കിൽ ആകെ 8,971/- രൂപ
	കേരളകൗമുദി	18.02.24	24 ചതുരശ്ര സെന്റീമീറ്റർ	ചതുരശ്ര സെന്റീമീറ്ററിന് 158/- നിരക്കിൽ ആകെ 3,792/- രൂപ	ചതുരശ്ര സെന്റീമീറ്റർ 356/- രൂപ നിരക്കിൽ ആകെ 8,971/- രൂപ
	കേരളകൗമുദി	05.03.24	24 ചതുരശ്ര സെന്റീമീറ്റർ	ചതുരശ്ര സെന്റീമീറ്ററിന് 158/- നിരക്കിൽ ആകെ 3,792/- രൂപ	ചതുരശ്ര സെന്റീമീറ്റർ 356/- രൂപ നിരക്കിൽ

					ആകെ 8,971/- രൂപ
				ആകെ	26,913/-

പരസ്യനിരക്കുകൾ സർക്കാർ അംഗീകൃതനിരക്കിനെക്കാൾ കൂടുതലായി അനുവദിക്കുന്നതിനുള്ള വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/27.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-24 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 23,86,720/- രൂപ തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ടിന്റെ വിവരം	ബിൽ നമ്പർ /തുക	തുക അടവാക്കിയ വിവരം
1	ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റിന് മന്ദിര നിർമ്മാണം അധിക വിഹിതം (SOO201/25) അടങ്കൽ തുക-50,000/- (തനത് ഫണ്ട്) ചെലവ് തുക-50,000/-	Bill No.178/30.10.24	ചെയർ പേർസൺമെമ്പർ സെക്രട്ടറി, DPC
2	IKM ന് തുക നല്കൽ (SOOO1/25) അടങ്കൽ തുക-78,673/-(വികസന ഫണ്ട് ജനറൽ) ചെലവ് തുക- 78,673/-	Bill No.220/11.12.24	Director,IKM
3	വൃത്തി 2025-ദി ക്ലീൻ കേരളാ കോൺക്ലേവ് (SOO355/25) അടങ്കൽ തുക-25,000/-(തനത് ഫണ്ട്) ചെലവ് തുക- 25,000/-	Bill No 648/26.3.25	Director Suchitwa Mission
4	വൈദ്യുതി ലൈൻ നീട്ടൽ(SOOO8/25) അടങ്കൽ തുക-17,00,000/- (6,03,000 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 10,97,000 – തനത് ഫണ്ട്)	Bill No.125/26.9.24, Amt-1,61,463/- Bill No.191/29.11.24 Amt-4,40,528/-	KSEB

	ചെലവ് തുക-16,98,444/- (10,95,444 – തനത് ഫണ്ട് + 6,03,000 - ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	Bill No.513/16.3.25 Amt-1,009/- Bill No.192/29.11.24 Amt-45,512/- Bill No.193/29.11.24 Amt-2,10,849/- Bill No.197/1.12.24 Amt-24,463/- Bill No.249/18.12.24 Amt-99,655/- Bill No.321/21.1.25 Amt-55,833/- Bill No.323/22.1.25 Amt-3,23,245/- Bill No.378/18.2.25 Amt-1,36,916/- Bill No.514/16.3.25 Amt-98,988/- Bill No.657/28.3.25 Amt- 99,983/-	
5	കല്ലിംഗവിള നടപ്പാത പാലം നിർമ്മാണം വാർഡ് 2 (324/25) അടങ്കൾ തുക - 200000 ചെലവ് തുക - 200000	Bill No. 293/27.12.24 Amt- 2,00,000/-	Asst Ex.Engineer Channal Division
6	പോസ്റ്റ് മാറ്റി സ്ഥാപിക്കൽ SO9/25 അടങ്കൽ തുക – 5,00,000/- (CFC Grant) ചെലവ് തുക – 3,34,603/-	Bill No.124/26.9.24, Amt-42,715/- Bill No.248/18.12.24 Amt-48,111/- Bill No.322/21.01.25 Amt-57,982/- Bill No.379/18.02.25 Amt-23,161/-	കെ.എസ്.ഇ.ബി

		Bill No.473/07.03.25 Amt-49,635/- Bill No.515/16.03.25 Amt-39,449/- Bill No.653/27.03.25 Amt-15,402/- Bill No.656/28.03.25 Amt-58,148/-	

മേൽ പരാമർശിച്ചിരിക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 22/25 ന്റെ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

1-25 ആശ്വാസ് - ഡയാലിസിസ് ചികിൽസാ ധനസഹായം - അപാകതകൾ

പദ്ധതി നമ്പർ	34/25
പദ്ധതിയുടെ പേര്	ആശ്വാസ് - ഡയാലിസിസ് ചികിൽസാ ധനസഹായം
അടങ്കൽ തുക	രൂ.3,36,000/- രൂപ (തനത് ഫണ്ട്)
ചെലവ് തുക	രൂ.3,36,000/- രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി
ബിൽ നമ്പർ/ തീയതി/തുക	374/14.02.25, 3,36,000/-

ഡയാലിസിസ് ചെയ്യുന്ന വൃക്കരോഗികൾക്ക് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് മുഖേന ചികിൽസാ ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്. ഒരു മാസം 4,000/- (ഒരു ആഴ്ച 1,000/-) നിരക്കിൽ ചികിൽസാ ധനസഹായം നൽകുന്നതിനായി തുക വകയിരുത്തുന്നു. ജില്ലാ പഞ്ചായത്ത് നിർവഹണം നടത്തുന്ന ഈ പദ്ധതിക്ക്, ഡിമാന്റ് മുഖാന്തിരം തുക ജില്ലാ പഞ്ചായത്തിന് കൈമാറുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

6 അപേക്ഷകളാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ലഭ്യമാക്കിയ അപേക്ഷകളിൽ ഗുണഭോക്താവായ ബഷീർ ഖാൻ എന്ന വ്യക്തിയുടെ റേഷൻ കാർഡിൽ പാറശ്ശാല പഞ്ചായത്തെന്നും സുരേഷ് കുമാർ -ന്റെ റേഷൻ കാർഡിൽ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 20/25 തീ.26.12.25) അപേക്ഷകൾ സ്വീകരിക്കുന്ന സമയത്ത് മേൽ പറഞ്ഞ 2 ഗുണഭോക്താക്കളും അതിയന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിലാണ് താമസിച്ചിരുന്നതെന്നും ഫീൽഡ് ജീവനക്കാർ അന്വേഷണം നടത്തി ആയത്

ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ബഷീർ ഖാൻ എന്ന വ്യക്തി നിലവിൽ അതിയന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിലാണ് താമസിക്കുന്നതെന്നും മറുപടി നൽകി. കോട്ടുകാൽ കുടുംബാരോഗ്യകേന്ദ്രം വെൺപകൽ സി.എച്ച്.സി-യുടെ ഘടകസ്ഥാപനമായതിനാൽ കോട്ടുകാൽ പഞ്ചായത്തിന്റെ പ്രസ്തുത പ്രോജക്ടിൽ ടിയാൻ ഗുണഭോക്താവല്ലെന്നും അറിയിച്ചു. പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം, ചെലവിട്ട തുക എന്നിവയെല്ലാം പഞ്ചായത്തിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

1-26 ഹെൽത്ത് ഗ്രാന്റ് - അവലോകനം

GO(Rt)/No. 2132/2022/LSGD ഉത്തരവ് പ്രകാരം 5 സ്കീമുകളിൽ മൂന്ന് സ്കീമുകളാണ് ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായത്. സ്കീം 1 കെട്ടിടം ഇല്ലാത്തവയ്ക്ക് കെട്ടിടം (നിർവഹണോദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ) സ്കീം 3 ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (നിർവഹണം - മെഡിക്കൽ ഓഫീസർ), സ്കീം 4 ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (നിർവഹണം – മെഡിക്കൽ ഓഫീസർ) ഇവയാണ് മൂന്ന് സ്കീമുകൾ. ഇതിൽ രണ്ട് സ്കീമുകൾക്കായാണ് ഗ്രാമപഞ്ചായത്തിൽ തുക ലഭിച്ചത്. ഓരോ ഗ്രാന്റിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 1/20.12.25 ന് ലഭ്യമാക്കിയ മറുപടിയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1) 2021 മുതൽ നാളിതുവരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

വർഷം	സ്കീം - 3	സ്കീം - 4	വരവ് (രൂ)
2021-22	6,13,491	3,79,806	9,93,297
2022-23	9,39,000	3,92,000	13,31,000
2023-24	6,70,000	6,74,000	12,94,000
2024-25	0	0	-----

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ (രൂ.)
2021-22	- ഇല്ല -	99,110	75,651	1,74,761
2022-23	- ഇല്ല -	14,53,381	6,96,155	21,49,536
2023-24	- ഇല്ല -	3,92,214	6,27,799	10,20,013

2024-25	- ഇല്ല -	-	-	-

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	രൂ.6,41,341/-
Grants For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs	രൂ.4,29,630/-

4) നാളിതുവരെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക (രൂ)
2021-22	സി.എച്ച്.സി.വെൺപകൽ രോഗ നിർണ്ണയ സംവിധാനം ശക്തിപ്പെടുത്തൽ	99,110
	സി.എച്ച്.സി.വെൺപകൽ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ്സ് പ്രോഗ്രാം	75,651
2022-23	സി.എച്ച്.സി.വെൺപകൽ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ്സ് പ്രോഗ്രാം	3,04,155
	സി.എച്ച്.സി.വെൺപകൽ രോഗ നിർണ്ണയ സംവിധാനം ശക്തിപ്പെടുത്തൽ	5,10,532
	സി.എച്ച്.സി.വെൺപകൽ രോഗ നിർണ്ണയ സംവിധാനം ശക്തിപ്പെടുത്തൽ	9,38,736
	സി.എച്ച്.സി.വെൺപകൽ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ്സ് പ്രോഗ്രാം	3,92,000
2023-24	സി.എച്ച്.സി.വെൺപകൽ രോഗ നിർണ്ണയ സംവിധാനം ശക്തിപ്പെടുത്തൽ	214
	സി.എച്ച്.സി.വെൺപകൽ രോഗ നിർണ്ണയ സംവിധാനം ശക്തിപ്പെടുത്തൽ	3,799
	സി.എച്ച്.സി.വെൺപകൽ രോഗ നിർണ്ണയ സംവിധാനം ശക്തിപ്പെടുത്തൽ	3,92,000
	സി.എച്ച്.സി.വെൺപകൽ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ്സ് പ്രോഗ്രാം	6,24,000

പ്രോജക്ടുകൾക്ക് പേയ്മെന്റ് 02.01.2022 ലെ സ.ഉ. (സാധാ) നം. 7/2022/തസ്വഭവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് നടത്തിയിട്ടുള്ളത്.

ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നിർവ്വഹണ പുരോഗതി തുടർച്ചായി ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി റിപ്പോർട്ട് ചെയ്തിട്ടില്ല. തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പിന്റെ 23.05.2023 ലെ എഫ്.എം.3/138/2023-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കെട്ടിടമില്ലാത്ത എല്ലാ ഉപകേന്ദ്രങ്ങൾക്കും 2025 മാർച്ചിനുള്ളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന് Grants For Building – Less Subcenters Scheme Fund അനുവദിച്ചിട്ടില്ല.

ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് പ്രോജക്ടുകൾക്ക് ഭരണ സമിതി അന്തിമരൂപം നൽകിയിട്ടുണ്ട്. പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പ്രോജക്ടുകളിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകൾ സംയോജിപ്പിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ മുഖേന ആണ് നിർവഹിക്കുന്നത്. പി.എഫ്.എം.എസ് അക്കൗണ്ട് പ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്കുകൾ സുലേഖ സോഫ്റ്റ്വെയറിൽ കൃത്യമായി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ മാസവും പ്രസ്തുത അക്കൗണ്ടിലെ കണക്കുകൾ ക്രമപ്പെടുത്തിയിട്ടുണ്ട്.

1-27 മോസ്കിറ്റോ ഫ്രീ ബയോഗ്യാസ് സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല, ചെലവ് തുക 33,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	SO.266/25
പ്രോജക്ടിന്റെ പേര്	മോസ്കിറ്റോ ഫ്രീ ബയോഗ്യാസ് സ്ഥാപിക്കൽ
നിർവ്വഹണം	വി.ഇ.ഒ സൗത്ത് സർക്കിൾ
അങ്കൽ	33,000/- രൂപ (ധനകാര്യകമ്മിഷൻ ഗ്രാന്റ്)
ചെലവ്	33,000/- രൂപ
ബിൽ നം	167/28.10.24

2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വി.ഇ.ഒ. സൗത്ത് സർക്കിൾ മുഖേന നടപ്പിലാക്കിയ മൊസ്കിറ്റോ ഫ്രീ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി പ്രകാരം അതിയന്നൂർ ജനകീയ ഹോട്ടലിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തന രഹിതമാണെന്ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഇതിലേക്കായി ബയോ കംബോസ്റ്റർ ബിൻ

വിതരണം ചെയ്യുന്നതിന് തയ്യാറുള്ള അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത Biotech Renewable Energy Pvt.LTD. എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടൽ നടത്തിവരുന്ന ശ്രീമതി സിന്ധു എൽ, ശബരിമുട്ടം, താന്നിമൂട് എന്ന വ്യക്തിയുമായി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2023 ആഗസ്റ്റ് 18-ാം തീയതി കരാറിൽ ഏർപ്പെട്ട് ജനകീയ ഹോട്ടലിൽ മോസ്കിറ്റോ ഫ്രീ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തു. എന്നാൽ 2024 ആഗസ്റ്റ് മാസം ജനകീയ ഹോട്ടൽ പ്രവർത്തനം അവസാനിപ്പിക്കുകയും അവിടെ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് ഉപയോഗ ശൂന്യമായ നിലയിലുമാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8/25 22.12.25 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസിലോ മറ്റ് ഘടക സ്ഥാപനങ്ങളിലോ ബയോഗ്യാസ് പ്ലാന്റ് മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ കത്ത് നൽകി അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാത്തതിനാൽ ചെലവ് തുകയായ 33,000/- രൂപ തടസ്സപ്പെടുത്തുന്നു. ബയോഗ്യാസ് പ്ലാന്റ് മാറ്റി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം

ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.



1-28 ബാധ്യതതുകകൾ തൻവർഷവും ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിലെ B-9 Other Liabilities ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ ചുവടെ ചേർക്കുന്ന തുകകകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല.

ഹെഡ് കോഡ്	ഇനം	തുക (രൂ)
350200119	Recoveries Payable-Covid	1,32,432
350300112	Government And Other Dues Payable – Value Of Court Fee Stamp	2,115
350300199	Government And Other Dues Payable – Others	300

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/തീ.27.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-29 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല - 64,112/- രൂപ തടസ്സപ്പെട്ടുത്തുന്നു

പ്രോജക്ട് നമ്പർ	45/25
പ്രോജക്ടിന്റെ പേര്	ഗവ.ഹോമിയോ ഡിസ്പെൻസറിയിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക	രൂ. 2,00,000/-
ചെലവ് തുക	രൂ. 2,00,000/-
ഫണ്ട്	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)
ട്രഷറി ബിൽ നം.	1/14.11.24
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി പ്രഫോർമ ഇൻവോയിസ് നം. 434/17.10.24 അടിസ്ഥാനത്തിൽ 2,00,000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 1,35,888/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ഹോംകോയിൽ നിന്നും ലഭിച്ചിരിക്കുന്നത്. അവശേഷിക്കുന്ന 64,112/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/26.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 ജലജീവൻ മിഷൻ അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020/Dpo/തിരു/ജെ.ജെ.എം നം. കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം – 15%

ഗുണഭോക്തൃവിഹിതം – 10%

ജലജീവൻ മിഷൻ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് സ്ഥാപനവിഹിതമായും ഗുണഭോക്തൃവിഹിതമായും നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്തിന് നാളിതുവരെ ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജലജീവൻ മിഷന്റെ വെബ്സൈറ്റ് പ്രകാരം പള്ളിച്ചൽ പഞ്ചായത്തിൽ 2020-21 മുതൽ 2024-25 വരെ 3797 ഗാർഹിക കണക്ഷൻ നൽകിയതായി കാണുന്നു.

ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ തുകയുടെ വിശദാംശങ്ങളും നാളിതുവരെ റോഡ് പുനരുദ്ധാരണത്തിനായി ചെലവഴിച്ച തുകയുടെയും പുനരുദ്ധാരണം നടക്കാത്ത/പൂർത്തിയാകാത്ത റോഡുകളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം- 3/22.12.25)

1-31 ഇനോക്കുലം വാങ്ങൽ പദ്ധതി - ഇനോക്കുലം പൂർണ്ണമായും വിതരണം ചെയ്തില്ല - 10,800/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	42/25
പ്രോജക്ടിന്റെ പേര്	ഇനോക്കുലം വാങ്ങൽ
നിർവ്വഹണം	വി.ഇ.ഒ. സൗത്ത് സർക്കിൾ
അടങ്കൽ തുക	18,000/- രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)
ചെലവ്	18,000/- രൂപ
ബിൽ നം.	345/31.01.2025

അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ബയോ ബിൻ നൽകിയ 35 സ്ഥാപനങ്ങൾക്കും നെല്ലിമൂട് മാർക്കറ്റിൽ സ്ഥിതിചെയ്യുന്ന തുമ്പൂർമൂഴിയിലും ഉപയോഗിക്കുന്നതിനായി 1000kg ഇനോക്കുലം വാങ്ങി വിതരണം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയതിലേക്കായി കമ്പ്യൂട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക കാട്ടിയ ചെയ്ത ഐ.ആർ.റ്റി.സിയിൽ നിന്നും 18,000/- രൂപയുടെ ഇനോക്കുലം വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെ 400Kg ഇനോക്കുലം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇപ്രകാരം വിതരണം ചെയ്യാതെ ഇനോക്കുലം സൂക്ഷിക്കുന്നത് ആയതിന്റെ ഉപയോഗക്ഷമത ഇല്ലാതാകുന്നതിന് ഇടയാക്കും. ഈ

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 8/25.22.12.25-ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങൾ ഇനോക്കുലം ആവശ്യപ്പെട്ട് വരാത്തതിനാലാണ് വിതരണം ചെയ്യാനാവാത്തതെന്നും അവശേഷിക്കുന്ന ഇനോക്കുലം, അടിയന്തിരമായി വിതരണം ചെയ്ത് വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന ഇനോകുലത്തിന്റെ വിലയായ 10,800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇനോക്കുലം പൂർണ്ണമായും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-32 പെയിന്റ് പ്രവൃത്തിയിലെ അപാകതകൾ

പദ്ധതി നമ്പർ 217-എം.കെ.എൽ.പി.എസ് പോങ്ങിൽ ടോയ് ലെറ്റ് നിർമ്മാണം വാർഡ് 11 എന്ന പദ്ധതിയിൽ സിന്തറ്റിക് ഇനാമൽ പെയിന്റ് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. എം ബുക്ക് ഇനം 1.018 പ്രകാരം സിന്തറ്റിക് ഇനാമൽ പെയിന്റ് പ്രവൃത്തിക്കായി നൽകിയത് DSR 13.62.1 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ്. എന്നാൽ സാധാരണയായി സിന്തറ്റിക് ഇനാമൽ പെയിന്റ് പ്രവൃത്തിക്കായി അനുവദിക്കുന്നത് കുറഞ്ഞ നിരക്കിലുള്ള DSR 13.61.1 പ്രകാരമുള്ള പെയിന്റ് പ്രവൃത്തിയാണ്. DSR 13.62.1, DSR 13.61.1 എന്നിവയുടെ സ്പെസിഫിക്കേഷൻ പ്രകാരം അനുവദനീയമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ കോഡ്, പേര്	നിരക്ക് (കോസ്റ്റ് ഇൻഡക്സ് 35.59% ഉൾപ്പെടെ)
13.61.1. Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade: Two Or More Coats On New Work	143.05/Sqm
13.62.1. Painting With Synthetic Enamel Paint Of Approved Brand And Manufacture Of Required Colour To Give An Even Shade: Two Or More Coats On New Work Over An Under Coat Of Suitable Shade With Ordinary Paint Of Approved Brand And Manufacture	208.54/Sqm

എം ബുക്ക് ഇനം 1.018 പ്രകാരം 3.23000 Sqm പ്രവൃത്തി നിർവ്വഹിച്ചതിന് കരാറുകാരൻ ക്വാട്ട് ചെയ്ത 208.54/Sqm നിരക്കിൽ 563.76 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. DSR 13.62.1, DSR 13.61.1 എന്നീ സ്പെസിഫിക്കേഷനുകളുടെ ഡാറ്റ പരിശോധിച്ചതിൽ DSR 13.62.1 ൽ മറ്റീരിയൽ കോഡ് 0833 പ്രകാരം Pink Primer (For Wood) നിരക്കും ആയതിന്റെ ലേബർ ചാർജും മാത്രമാണ് DSR 13.62.1 ൽ അധികമായി ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്.എം ബുക്ക് പരിശോധിച്ചതിൽ Wood ഉൾപ്പെടുന്ന പ്രവൃത്തികളൊന്നും നിർവ്വഹിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ഉയർന്ന നിരക്കിലുള്ള DSR 13.62.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.28/

തീ.27.12.2025) ന് മറുപടി ലഭ്യമാക്കിയില്ല. ഈ പ്രവൃത്തിയിൽ DSR 13.62.1 അനുവദനീയമാണോ എന്ന കാര്യത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-33 നവീകരണ പ്രവൃത്തികളിൽ റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചതിൽ അധിക ചെലവ്

പ്രോജക്ട് നമ്പർ	135/24-25	
പേര്	ഗവ. ആശുപത്രി പുനരുദ്ധാരണം,വാർഡ്-7	
ഫണ്ട്	അടങ്കൽ (രൂപ)	ചെലവ് (രൂപ)
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	രൂ.75,000/-	രൂ. 51,835/-
ആകെ	രൂ.75,000/-	രൂ. 51,835/-
നിർവ്വഹണം	അസിസ്റ്റന്റ് എൻജിനീയർ	
കരാറുകാരൻ	ശ്രീ. രാജൻ ബി.	
ഇ,എം ബുക്ക് നമ്പർ	**LSGD/CELSGD/EST/31404/2024_5_39_38**	
എസ്റ്റിമേറ്റ് തുക	**രൂ.63,318/-**	
കരാർ തുക	**രൂ.53,755.44**	

പ്രോജക്ട് നമ്പർ	251/24-25	
പേര്	കണ്ണറവിള അംഗൻവാടി നവീകരണം	
ഫണ്ട്	അടങ്കൽ (രൂപ)	ചെലവ് (രൂപ)
മെയിന്റനൻസ് ഫണ്ട്(റോഡിതരം)	രൂ.1,89,958/-	രൂ.1,89,958/-
ആകെ	രൂ.1,89,958/-	രൂ.1,89,958/-
നിർവ്വഹണം	അസിസ്റ്റന്റ് എൻജിനീയർ	
കരാറുകാരൻ	ശ്രീ. സോമൻ ബി.	
ഇ,എം ബുക്ക് നമ്പർ	**LSGD/CELSGD/EST/100738/2022_5_8_7**	
എസ്റ്റിമേറ്റ് തുക	**രൂ.3,75,334/-**	
കരാർ തുക	**രൂ.3,75,334/-**	

പദ്ധതി നം. 135/24-25, ആയുർവേദ ആശുപത്രി നവീകരണം, പദ്ധതി നം. 251/24-25, കണ്ണറവിള അംഗൻവാടി നവീകരണം എന്നീ പദ്ധതികളിൽ DSR 12.50 പ്രകാരമുള്ള റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചിട്ടുണ്ട്. സ്പെസിഫിക്കേഷനിൽ മറ്റീരിയൽ കോഡ് 8671- Precoated Galvanised Iron Profile Sheet 0.50 Mm കനമുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 27.12.2025 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 0.35 Mm കനമുള്ള റൂഫിംഗ് ഷീറ്റാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. സ്ഥല പരിശോധനാ റിപ്പോർട്ടിൽ ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നം.135/24-25, ആയുർവേദ ആശുപത്രി നവീകരണത്തിനായി എം ബുക്ക് ഇനം 1.004 പ്രകാരം 11.250 Sqm റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചതിനായി കരാറുകാരൻ കാട്ട് ചെയ്ത 627.16/ Sqm നിരക്കിൽ 7,055.55 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നം.251/24-25, കണ്ണറവിള അംഗൻവാടി നവീകരണത്തിനായി എം ബുക്ക് ഇനം 1.011 പ്രകാരം 37.94 Sqm റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചതിനായി കരാറുകാരൻ കാട്ട് ചെയ്ത 738.71/ Sqm നിരക്കിൽ 28,026.66 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം. 28/27.12.2025 ന് മറുപടി ലഭ്യമാക്കിയില്ല. 0.50 Mm കനമുള്ള റൂഫിംഗ് ഷീറ്റിന് പകരം 0.35 Mm കനമുള്ള റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചതിനാലുണ്ടായ അധിക ചെലവ് ജി.എസ്.ടി ഉൾപ്പെടെ കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ 2024-25 വർഷം DSR 12.50 പ്രകാരം റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചിട്ടുള്ള എല്ലാ പദ്ധതികളിലും 0.50 Mm കനമുള്ള റൂഫിംഗ് ഷീറ്റിന് പകരം 0.35 Mm കനമുള്ള റൂഫിംഗ് ഷീറ്റാണോ സ്ഥാപിച്ചിട്ടുള്ളതെന്ന് പരിശോധിച്ച്, അപ്രകാരമാണെങ്കിൽ അധികമായി ചെലവായ തുക കണക്കാക്കി ആയത് തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 ഗ്രില്ലുകൾ സ്ഥാപിച്ചതിലെ അപാകതകൾ

പ്രോജക്ട് നമ്പർ	191/24-25	
പേര്	അംഗൻവാടി നം.12 പുനരുദ്ധാരണം വാർഡ് 11	
ഫണ്ട്	അടങ്കൽ (രൂപ)	ചെലവ്(രൂപ)
മെയിന്റനൻസ് ഫണ്ട്(റോഡിതരം)	രൂ.1,65,304/-	രൂ.1,65,304/-
ആകെ	രൂ.1,65,304/-	രൂ.1,65,304/-
നിർവ്വഹണം	അസിസ്റ്റന്റ് എൻജിനീയർ	
കരാറുകാരൻ	ശ്രീമതി ബീനാറാണി എസ്.	

ഇ,എം ബുക്ക് നമ്പർ	**LSGD/CELSGD/EST/34767/2023_5_78_80**
എസ്റ്റിമേറ്റ് തുക	**രൂ.1,69,343/-**
കരാർ തുക	**രൂ.1,40,093.4/-**

മേൽ പ്രവൃത്തിയിൽ അംഗൻവാടിയുടെ മുകളിലത്തെ നിലയിൽ നാലു വശവും ചതുരാകൃതിയിലുള്ള സ്റ്റീൽ ഗ്രില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രില്ലുകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ളത് DSR 9.48.1 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ്. എന്നാൽ ചാപ്റ്റർ 9 -Wood And PVC Work ലെ മേൽപ്പറഞ്ഞ സ്പെസിഫിക്കേഷൻ ജനാലകളുടെ ഫ്രെയിമിൽ സ്റ്റീൽ ഗ്രില്ലുകൾ സ്ഥാപിക്കുന്നതിനായുള്ള സ്പെസിഫിക്കേഷനാണ്. സ്റ്റീൽ ഗ്രില്ലുകൾ സ്ഥാപിക്കുന്നതിനായി ചാപ്റ്റർ 10 – Steel Work ൽ DSR 10.25.2 പ്രകാരം നിരക്ക് നിലവിലുണ്ട്. DSR 9.48.1 ,DSR 10.25.2 എന്നീ സ്പെസിഫിക്കേഷനുകളുടെ അനുവദനീയമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ കോഡ്, പേര്	നിരക്ക് (കോസ്റ്റ് ഇൻഡക്സ് 35.59% ഉൾപ്പെടെ)
9.48.1. Providing And Fixing M.S. Grills Of Required Pattern In Frames Of Windows Etc. With M.S. Flats, Square Or Round Bars Etc. Including Priming Coat With Approved Steel Primer All Complete. Fixed To Steel Windows By Welding	194.59/Kg
10.25.2. Steel Work Welded In Built Up Sections/Framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required. In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works	154.18/Kg

എം ബുക്ക് ഇനം 1.005 പ്രകാരം 51.040 Kg സ്റ്റീൽ വർക്ക് നിർവ്വഹിച്ചതിന് കരാറുകാരൻ ക്വാട്ട് ചെയ്ത 100/Kg നിരക്കിൽ 5,104/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.28/തീ.27.12.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തിയിൽ DSR 9.48.1 പ്രകാരമുള്ള സ്റ്റീൽ വർക്ക് ആണോ നിർവ്വഹിച്ചത് എന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-35 കല്ല് കെട്ട് പ്രവൃത്തികളിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല

2024-25 വർഷം നടപ്പാക്കിയിട്ടുള്ള സൈഡ് വാൾ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളിലും ഫൗണ്ടേഷനായി MORD 75.7.1 പ്രകാരമുള്ള സ്പെസിഫിക്കേഷനും ഫൗണ്ടേഷനു മുകളിലുള്ള കല്ല് കെട്ട് പ്രവൃത്തിക്കായി MORD 12.4.3.1 പ്രകാരമുള്ള സ്പെസിഫിക്കേഷനുമാണ്

ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഇരു സ്പെസിഫിക്കേഷനുകളുടെയും ഡാറ്റ പരിശോധിച്ചതിൽ മെറ്റീരിയൽ കോഡ് – M-361 പ്രകാരമുള്ള ബോണ്ട് സ്റ്റോണുകളുടെ നിരക്ക് കൂടി ഉൾപ്പെടുന്നു. 26.12.2025 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പദ്ധതി നം. 47/24-25, പൊരിയംകോണം തോട് സംരക്ഷണം, പദ്ധതി നം. 48/24-25, മണത്തോട്ടം കുളം നവീകരണം എന്നീ പ്രവൃത്തികളുടെ സ്ഥലപരിശോധന നടത്തിയതിൽ ഡാറ്റയിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരമുള്ള 1 CUM കല്ല് കെട്ട് പ്രവൃത്തിയിൽ 7 ബോണ്ട് സ്റ്റോണുകൾ സ്ഥാപിച്ചിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം. 28/28.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സൈഡ് വാൾ നിർമ്മാണവുമായി ബന്ധപ്പെട്ട കല്ല് കെട്ട് പ്രവൃത്തികളിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-36 റോഡ് കോൺക്രീറ്റ് - അപാകതകൾ

വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord 75.8.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തൂകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. എന്നാൽ ഇരു വശങ്ങളിലും മതിലുകൾ ഉള്ള റോഡുകളിലും ഫോം വർക്ക് ചെയ്യാതെ കോൺക്രീറ്റ് നടത്തിയ റോഡുകളിലും മേൽപ്പറഞ്ഞ സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് കോൺക്രീറ്റ് നടത്തിയിട്ടുള്ളത്.

ഉദാഹരണത്തിനായി പദ്ധതി നം. 124/2024-25 വടക്കേ പെരുമക്കര ഫുട്പാത്ത് കേൺക്രീറ്റ് എന്ന പ്രവൃത്തിയിൽ എം. ബുക്ക് ഇനം 1.002 പ്രകാരം 144.6 മീറ്റർ നീളത്തിലും ശരാശരി 1 മീറ്റർ വീതിയിലും 0.10 മീറ്റർ ഡെപ്ത്തിലും Mord 75.8.1 പ്രകാരം റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ആകെ 17.29 Cum നിർവ്വഹിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്ക് 8306.23 ഉം കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് 6312.00 ഉം ആണ്. കോൺക്രീറ്റ് പ്രവൃത്തിക്കായി 109153.42 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 26.12.2025ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഫുട്പാത്തിന്റെ രണ്ട് വശത്തും മതിലുകൾ ഉള്ളതിനാൽ മതിലിനോട് ചേർത്ത് കോൺക്രീറ്റ് ചെയ്തിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്.
ചിത്രം ചുവടെ ചേർക്കുന്നു.



ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും MORD 75.8.1 എന്ന ഇനം അനുവദിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഫോം വർക്കിന് അനുവദിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് അവലോകനം

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
16	രൂ. 92,000/-	രൂ. 92,000/-	0	

01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
-	-	-	-	-	-

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള	മെഡിസെപ്	ഒടുക്കാൻ ബാക്കി	റിമാർക്സ്

	കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	നിൽക്കുന്ന തുക	
-	-	-	-	-

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
-	-	-	-	-	-

4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

വിഹിതം നൽകിയ സ്ഥാപനം	വർഷം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	7,73,345	264/25 ലൈഫ് ഭവന നിർമ്മാണം – എസ്.സി.പി	7,73,345	0
		0	19,33,389	96/25 ലൈഫ് ഭവന നിർമ്മാണം പട്ടികജാതി	19,33,389	0

		0	2,89,125	92/25 സ്നേഹസ്പർശം – മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	2,89,125	0
		0	2,80,320	23/25 ക്ഷീരസമൃദ്ധി	2,80,320	0
		3,55,955	0	മുൻവർഷത്തെ പ്രോജക്ടുകൾ	0	3,55,955
ആകെ		3,55,955	32,76,179		32,76,179	3,55,955
ജില്ലാ പഞ്ചായത്ത്	2024-25	0	70,000	262/25 ഹരിതഭവനം	7,000	0
		0	56,000	70/25 ഹരിതഭവനം	56,000	0
		0	6,45,000	263/25 ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം – ലൈഫ് എസ്.സി	6,45,000	0
		0	1,87,300	278/25 ഇ.പി.ഐ.പി ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ എസ്.സി.പി	1,87,300	0
			2,00,000	277/25 ഇ.പി.ഐ.പി. ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ - ജനറൽ	2,00,000	
		0	2,89,125	92/25 സ്നേഹസ്പർശം – മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	2,89,125	0
		0	2,42,927	23/25 ക്ഷീരസമൃദ്ധി	2,42,927	0

		3,24,278	0	മുൻവർഷത്തെ പ്രോജക്ടുകൾ	0	3,24,278
ആകെ		3,24,278	16,27,352		16,27,352	3,24,278
മുൻസിപ്പൽ കോർപ്പറേഷൻ വിഹിതം	2024-25	10,70,602	0	219/25 Rain Water Harvesting In Public Institutions	2,58,112	8,12,490
ആകെ		10,70,602	0		2,58,112	8,12,490

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2023-24 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	തൻവർഷത്തെ വരവ്	ആകെ	സുലേഖ പത്രിക പ്രകാരം ചെലവ്	നീക്കിയിരിപ്പ്	2024-25 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	3,55,955	32,76,179	36,32,134	32,76,179	3,55,955	3,55,955
ജില്ലാ പഞ്ചായത്ത് വിഹിതം	3,24,278	16,27,352	19,51,630	16,27,352	3,24,278	3,24,278
മുൻസിപ്പൽ കോർപ്പറേഷൻ വിഹിതം	10,70,602	-	10,70,602	2,58,112	8,12,490	8,12,490

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂ)	തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂ)

			സാക്ഷ്യപത്രം പ്രകാരം)	
കെ.എസ്.ഇ.ബി	8/25 വൈദ്യുത ലൈൻ നീട്ടൽ	16,98,444	0	16,98,444
	9/25 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	3,34,603	0	3,34,603
ആകെ		20,33,047	0	20,33,047
കേരള വാട്ടർ അതോറിറ്റി	324/25 കല്ലിംഗവിള നടപ്പാത പാലം നിർമ്മാണം വാർഡ് -2	2,00,000	0	2,00,000
ആകെ		2,00,000	0	2,00,000

വാർഷിക ധനകാര്യ പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	2023-24 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2024-25 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം)	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	2024-25 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
കെ.എസ്.ഇ.ബി	40,96,330	20,33,047	61,29,377	5,99,163	55,30,214
കേരള വാട്ടർ അതോറിറ്റി	86,79,155	2,00,000	88,79,155	-	88,79,155
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	2,00,000	-	2,00,000	-	2,00,000

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

വായ്പ വിവരം	ഉത്തരവ് നമ്പർ / തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ)	തൻവർഷം ലഭിച്ച തുക (രൂ) (RP -31 പ്രകാരം)	തൻവർഷം തിരിച്ചടച്ച തുക (രൂ) (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂ)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂ) (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	ജി.ഒ. (എം.എസ്) 47/2020/LSGD തീയതി 17.03.20	2,26,18,346	62,30,498	22,75,006	2,65,73,838	2,65,73,838

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ക്രമ നമ്പർ	റിപ്പോർട്ട് വർഷം	ഖണ്ഡിക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	ഈടാക്കിയ തുക (രൂ.)	രസീത് നമ്പർ/ തീയതി
1	18-19	1.20	അഭിഷേക് പി. ശശി, ASSISTANT ENGINEER	13,165 /-	1240100945/ 18-06-2024
2	18-19	1.20	അഭിഷേക് പി. ശശി, ASSISTANT ENGINEER	7,190/-	1240100946/ 18-06-2024

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	2,14,36,568/-
ഓഡിറ്റ് വർഷത്തെ ആകെ വരവ്	6,95,26,926/-
ആകെ	9,09,63,494/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	6,29,33,379/-
നീക്കിയിരിപ്പ്	2,80,30,115/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	26,61,125/-

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	1,66,493/-	ശ്രീ. ഹരിൻ ബോസ്, സെക്രട്ടറി, അതിയന്നൂർ ഗ്രാമപഞ്ചായത്ത്
1-24	23,86,720/-	ശ്രീ. ഹരിൻ ബോസ്, സെക്രട്ടറി, അതിയന്നൂർ ഗ്രാമപഞ്ചായത്ത്
1-27	33,000/-	ശ്രീ. അജു റ്റി.എസ്., വി.ഇ.ഒ സൗത്ത് സർക്കിൾ
1-29	64,112/-	ഡോ. ലേഖ എസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-31	10,800/-	ശ്രീ. അജു റ്റി.എസ്., വി.ഇ.ഒ. സൗത്ത് സർക്കിൾ
ആകെ	26,61,125/-	

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ഹരിൻ ബോസ്, സെക്രട്ടറി	സെക്രട്ടറി, അതിയന്നൂർ ഗ്രാമപഞ്ചായത്ത്.	ബോസ് ഭവൻ, അമ്പിളിയോട്, അന്തിയൂർ, ബാലരാമപുരം.പി.ഒ
ശ്രീ. അജു, വി.ഇ.ഒ. സൗത്ത് സർക്കിൾ	വി.ഇ.ഒ. സൗത്ത് സർക്കിൾ, അതിയന്നൂർ ഗ്രാമപഞ്ചായത്ത്.	റ്റി.എസ്. ഭവൻ, കൊശക്കുടി വിളാകം, ചായേക്കാട്ടുകോണം പി.ഒ., അമരവിള പിൻ-695122
ഡോ. ലേഖ എസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ (ഹോമിയോ) അതിയന്നൂർ ഗ്രാമപഞ്ചായത്ത്.	ശിവം, കണ്ണറവിള, നെല്ലിമൂട്.പി.ഒ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2004-05	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022	1
2005-06	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022	1
2007-08	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022	2
2012-13	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022	5
2013-14	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022	1
2014-15	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022	2
2016-17	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022	2
2017-18	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/195/2018, തീയതി 3.7.2019	9
2018-19	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/467/2020, തീയതി	14
2019-20	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1808/2021, തീയതി 2.3.2022	28

2020-21	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1809/2021, തീയതി 26.2.2022	25
2021-22	കെ.എസ്.എ.റ്റി.വി.എം /ജി.പി 3/190/2023, തീയതി 24.2.2023	33
2022-23	.കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1465/2023 തീയതി 12.3.2024	51
2022-23	കെ.എസ്.എ.റ്റി.വി.എം/ജിപി.3/1539/2024 തീയതി.	53

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 18-07-2025 and submitted on 04-08-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Athiyanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Athiyanoor Grama Panchayat as on 31-03-2025

Date: 14/01/2026

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Athiyanoor Grama Panchayat for the Year 2024-2025.

1.Major Observations

According to the Income and Expenditure Statement, expenditure has been booked in excess of income (Income: Rs.21,77,23,509/-; Expenditure: Rs.22,20,97,284/-)

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit
eg. ratios, notes on account.

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.

3. The annual financial statements were submitted for audit on 04-08-2025. The statutory time limits prescribed under Rule 62(5) of the Kerala Panchayat Raj (Accounts) Rules, 2011 and Section 9 of the Kerala Local Fund Audit Act, 1994 have not been complied with.

4. Non disclosure of expenses due- outstanding expenses such as honorarium for members, fuel expenses due in the current financial year etc. are not included in balance sheet as provision of expenses due (B-9).

5. Stock valuation of the Grama Panchayat was not carried out at the end of the financial year 2024-25.

6. No monthly demand is being raised for revenue items such as property tax and profession tax.

7. Cheques issued by the institution that have remained unencashed for more than three months have not been transferred to the Stale Cheques head.

8. Credit balances (negative closing balances) have been recorded in the Bank Book during various periods. The details are given below:

Bank Account	period
SBI Life (38061002835)	23.09.24 to 28.03.25
IDBI Swatch Bharath (0889104000115803)	23.11.24 to 29.03.25
CANARA BANK NREGS6210-WORK (110064986210)	06.08.24 to 14.03.25

9. The collection and balance amounts of property tax on residential and non-residential buildings in the annual financial statement do not agree with the information recorded in the Sanjaya software.

10. As per Rule 58(e) of the Kerala Panchayat Raj (Accounts) Rules, ledger balances and the related registers should be reconciled on a monthly basis. However, monthly reconciliation between the ledger balances and the related registers is not being carried out.

11. The receipts and expenditure figures of MGNREGS as shown in the AFS do not reconcile with the Cash Book.

The amount shown as direct payments made to beneficiaries under MGNREGS as per the Annual Financial Statements is Rs.5,84,62,159/-, whereas as per the statement submitted, the amount is Rs.5,84,85,000/-. The figures do not reconcile.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്